DTE Website

C5

CA 15/9/18

കേരള സർക്കാർ

സംഗ്രഹം

ഉന്നത വിദ്യാഭ്യാസം- 2018-19 വർഷത്തെ എം.സി.എ പ്രവേശനം - ഒഴിവ് വന്ന സീറ്റുകളിലേക്ക് മെറിറ്റ് അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനും എൽ.ബി.എസ് -ന്റെ മൂന്ന് വർഷ (റഗുലർ)എം.സി.എ യുടെ റാങ്ക് ലിസ്റ്റിൽനിന്നും രണ്ട് വർഷ (ലാറ്ററൽ എൻട്രി) എം.സി.എ.യിലേക്ക് പ്രവേശനം നടത്തുന്നതിനുള്ള അനുവാദം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ.(സാധാ) നം.1645/2018/ഉ.വി.വ തീയതി,തിരുവനന്തപുരം, 04/09/2018

പരാമർശം:-1 കേപ്പ് ഡയറക്ടറുടെ 30-08-2018-ലെ Acad-744/2018/CAPE/2126 എന്ന നമ്പർ അപേക്ഷ.

2 സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 01-09-2018-ലെ ACBI/8840/18/ഡി/ടി/ഇ എന്ന നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (2) ലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, എ.ഐ.സി.ടി.ഇ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2018-19 അധ്യയന വർഷത്തെ കേന്ദ്രീകൃത അലോട്ട്മെന്റിനു ശേഷം, എം.സി.എ കോഴ്സുകളിൽ ഒഴിവു വന്ന സീറ്റുകളിലേക്ക് എൽ.ബി.എസ് നടത്തിയ റാങ്ക് ലിസ്റ്റിൽപ്പെടാത്ത വിദ്യാർത്ഥികളെയും മെറിറ്റ് അടിസ്ഥാനത്തിൽ സ്പോട്ട് അഡ്മിഷനിൽ പങ്കെടുപ്പിക്കുന്നതിനും എൽ.ബി.എസ് -ന്റെ മൂന്ന് വർഷ (റഗുലർ )എം.സി.എ യുടെ റാങ്ക് ലിസ്റ്റിൽനിന്നും രണ്ട് വർഷ (ലാറ്ററൽ എൻട്രി) എം.സി.എ.കോഴ്സിലേക്ക് സംസ്ഥാനത്തുള്ള എല്ലാ കോളേജുകളിലേക്കും പ്രവേശനം നടത്തുന്നതിനുള്ള അനുവാദം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ നിർദ്ദേശം 2018-19 അധ്യയന വർഷത്തെ എം.സി.എ. പ്രവേശനത്തിന് മാത്രമാണ് ബാധകമായിരിക്കുന്നത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ.ജയിംസ് രാജ്
അഡീഷണല് സെക്രട്ടറി

പകർപ്പ്

1. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം.

2.ഡയറക്ടർ, കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യുക്കേഷൻ(കേപ്പ്),

കീഴെഴുത്ത് നമ്പർ എസിബി1/8840/2018/ഡി.ടി.ഇ തീയതി 14.09.2018
ബന്ധപ്പെട്ട എല്ലാ സ്ഥാപന മേധാവികളിലേയ്ക്കും അറിവിലേക്കും തുടർനടപടികൾക്കുമായി അയക്കുന്നു.
ഡെപ്യൂട്ടി ഡയറക്ടർ (ടി ‌& ടി)